**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3785** | **06-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടിക വർഗ്ഗ കലാകാരന്മാർക്ക് പ്രോത്സാഹനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടിക വർഗ്ഗക്കാരുടെ തനതായ സാംസ്കാരിക പൈതൃകം കാത്തു സൂക്ഷിക്കുന്ന എഴുത്തുകാരുടെയും കലാകാരന്മാരുടെയും കഴിവുകളെ പരിപോഷിപ്പിക്കുന്നതിനുള്ള ഏന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ) | പട്ടികവർഗ്ഗക്കാരുടെ തനതായ കലകൾ പരിപോഷിപ്പിക്കുന്നതിനും സാംസ്കാരിക പൈതൃകം കാത്തു സൂക്ഷിക്കുന്നതിനും 'ഗദ്ദിക' എന്ന പേരിൽ സാംസ്കാരിക പ്രദർശന വിപണന മേളകളും, എഴുത്തുകാർക്ക് സാഹിത്യ ശില്പശാലകളും നടത്തി വരുന്നുണ്ട്. സാധാരണഗതിയിൽ എല്ലാ വർഷവും 2 ജില്ലകളിലാണ് ഗദ്ദിക സംഘടിപ്പിക്കുന്നത്. 2020 ജനുവരിയിൽ ഗദ്ദിക കണ്ണൂരിൽ സംഘടിപ്പിച്ചിരുന്നു. കോവിഡ് 19 രൂക്ഷമായതിനാൽ ഇതിനു ശേഷം ഗദ്ദിക സംഘടിപ്പിച്ചിട്ടില്ല. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂൾ, ഹോസ്റ്റൽ എന്നിവിടങ്ങളിലെ വിദ്യാർത്ഥികളുടെ സംസ്ഥാനതല കലാമത്സരം സംഘടിപ്പി ക്കുമ്പോൾ അതിൽ പട്ടികവർഗ്ഗക്കാരുടെ തനതായ പാരമ്പര്യ കലകൾ ഒരു മത്സരയിനമായി ഉൾപ്പെടുത്തുന്നുമുണ്ട്. |
| (ബി) | ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | പട്ടികവർഗ്ഗക്കാരുടെ തനതായ കലകൾ പരിപോഷിപ്പിക്കുന്നതിനും സാംസ്കാരിക പൈതൃകം കാത്തു സൂക്ഷിക്കുന്നതിനും 'ഗദ്ദിക' എന്ന പേരിൽ സാംസ്കാരിക പ്രദർശന വിപണന മേളകളും, എഴുത്തുകാർക്ക് സാഹിത്യ ശില്പശാലകളും നടത്തി വരുന്നുണ്ട്. സാധാരണഗതിയിൽ എല്ലാ വർഷവും 2 ജില്ലകളിലാണ് ഗദ്ദിക സംഘടിപ്പിക്കുന്നത്. 2020 ജനുവരിയിൽ ഗദ്ദിക കണ്ണൂരിൽ സംഘടിപ്പിച്ചിരുന്നു. കോവിഡ് 19 രൂക്ഷമായതിനാൽ ഇതിനു ശേഷം ഗദ്ദിക സംഘടിപ്പിച്ചിട്ടില്ല. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂൾ, ഹോസ്റ്റൽ എന്നിവിടങ്ങളിലെ വിദ്യാർത്ഥികളുടെ സംസ്ഥാനതല കലാമത്സരം സംഘടിപ്പി ക്കുമ്പോൾ അതിൽ പട്ടികവർഗ്ഗക്കാരുടെ തനതായ പാരമ്പര്യ കലകൾ ഒരു മത്സരയിനമായി ഉൾപ്പെടുത്തുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ